GSTIN : 32AAAGP0075R1Z2

☎ 0487- 2374332

E-mail : centnursery@kau.in

കേരള കാർഷിക സർവ്വകലാശാല

പ്ലാൻറ് പ്രൊപ്പഗേഷൻ & നഴ്സറി മാനേജ്മെൻറ് യൂണിറ്റ്

വെള്ളാനിക്കര - 680 656

നമ്പർ : സി.ഡി.-1045/2019 തിയ്യതി : 22.08.2019

## ലേലം / ക്വട്ടേഷൻ നോട്ടീസ്

സൂചന: 1) 17.06.19 തിയ്യതിയിലെ ജിഎ/ഡി2/10043/19 നമ്പറിലുള്ള ഉത്തരവ്

2) 18.06.19 തിയ്യതിയിലെ ജിഎ/ഡി2/10043/19 നമ്പറിലുള്ള തിരുത്തൽ ഉത്തരവ്

3) 19.08.19 തിയ്യതിയിലെ ലേലം ഉത്തരവ്

.................

മേൽ സൂചന(1&2) പ്രകാരം കേരള കാർഷിക സർവ്വകലാശാലയിലെ വെള്ളാനിക്കര കാമ്പസ്സിലെ വിവിധ കോളേജ്/ഫാം/കേന്ദ്രങ്ങളിലെ റോഡുകളിലേയ്ക്കും, പൊതുസ്ഥലങ്ങളിലേയ്ക്കും, കെട്ടിടങ്ങളുടെ മുകളിലേയ്ക്കും അപകടകരമായി വളർന്നു നിൽക്കുന്നതും ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്നതുമായ മരങ്ങൾ മുറിച്ചു നീക്കുന്നതിനായി കമ്മറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ കമ്മറ്റി അംഗങ്ങൾ നേരിൽ കണ്ട് ബോധ്യപ്പെട്ട അപകടകരമായി വളർന്നു നിൽക്കുന്നതും ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്നതുമായ 7 ലോട്ട്കളിൽ പരാമർശിച്ചിട്ടുള്ള മരങ്ങളും, മരങ്ങളുടെ ശിഖിരങ്ങളും വെട്ടി നീക്കം ചെയ്തുകൊണ്ടുപോകാൻ തൽപരരായവരിൽ നിന്നും മത്സരാടിസ്ഥാനത്തിൽ ലേലം/ ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു. സൂചന 3 ലെ ലേലത്തിൽ ഉൾപ്പെട്ടതും അന്ന് ലേലം ഉറപ്പിക്കാത്തതുമായ 6 ലോട്ടുകളും ഇതില് ഉൾപ്പെടുന്നു. രഹസ്യ ക്വട്ടേഷനുകൾ **30.08.2019** രാവിലെ **11 AM** വരെ സ്വീകരിക്കും.

ലേലസമയം : **30**.08.2019 രാവിലെ 11.30 AM .

ലേല സ്ഥലം : പി.പി.എൻ.എം.യു ഓഫീസ്, വെള്ളാനിക്കര

- **പൂർണ്ണമായും മുറിച്ചുമാറ്റുന്ന മരങ്ങൾക്ക് ജി.എസ്.ടി യും ഫോറസ്റ്റ് ഡവലപ്മെന്റ് ടാക്സും ബാധകമാണ് .**

വിശദവിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക. (ഫോൺ 0487–2374332 )

## മരങ്ങളുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | സ്ഥലം |
|---|---|
| ലോട്ട് നമ്പർ - 1 | *യൂണിവേഴ്സിറ്റി മെയിൻ ഗേറ്റ് മുതൽ സെൻട്രൽ സർക്കിൾ വരെയുള്ള റോഡിന്റെ ഇരുവശത്തായി നീല പെയിന്റിൽ മാർക്ക് ചെയ്തിട്ടുള്ള 5 മരങ്ങൾ പൂർണ്ണമായും വെള്ള പെയിന്റിൽ മാർക്ക് ചെയ്തിട്ടുള്ള 10 മരങ്ങളുടെ ശിഖരങ്ങൾ തറനിരപ്പിൽ നിന്നും 15 അടി ഉയരത്തിലും മുറിച്ചുമാറ്റുന്നതിന്* |

| | |
|---|---|
| ലോട്ട് നമ്പർ - 2 | സെൻട്രൽ സർക്കിൾ മുതൽ യൂണിവേഴ്സിറ്റി കാന്റീൻ ജംഗ്ഷൻ വരെയുള്ള റോഡിന്റെ വലതു ഭാഗത്തായി നീല പെയിന്റിൽ മാർക്ക് ചെയ്തിട്ടുള്ള 3 മരങ്ങൾ പൂർണ്ണമായും വെള്ള പെയിന്റിൽ മാർക്ക് ചെയ്തിട്ടുള്ള 1 മരത്തിന്റെ ശിഖരങ്ങൾ തറനിരപ്പിൽ നിന്നും 15 അടി ഉയരത്തിലും മുറിച്ചുമാറ്റുന്നതിന് |
| ലോട്ട് നമ്പർ - 3 | സെൻട്രൽ ഓഡിറ്റോറിയം മുതൽ ലേഡീസ് ഹോസ്റ്റലിന്റെ മുൻ വശത്തുകൂടിയുള്ള ലൈബ്രറി വരെയുള്ള റോഡിൽ നീല പെയിന്റിൽ മാർക്ക് ചെയ്തിട്ടുള്ള 9 മരങ്ങൾ പൂർണ്ണമായും വെള്ള പെയിന്റിൽ മാർക്ക് ചെയ്തിട്ടുള്ള 2 മരങ്ങളുടെ ശിഖരങ്ങൾ തറനിരപ്പിൽ നിന്നും 15 അടി ഉയരത്തിലും മുറിച്ചുമാറ്റുന്നതിന്. |
| ലോട്ട് നമ്പർ - 4 | സെൻട്രൽ സർക്കിൾ മുതൽ ഫോറസ്ട്രി കോളേജ് ഗേറ്റ് വരെയുള്ള റോഡിൽ നീല പെയിന്റിൽ മാർക്ക് ചെയ്തിട്ടുള്ള 10 മരങ്ങൾ പൂർണ്ണമായും വെള്ള പെയിന്റിൽ മാർക്ക് ചെയ്തിട്ടുള്ള 16 ഓളം മരങ്ങളുടെ ശിഖരങ്ങൾ തറനിരപ്പിൽ നിന്നും 15 അടി ഉയരത്തിലും മുറിച്ചുമാറ്റുന്നതിന് |
| ലോട്ട് നമ്പർ - 5 | ഫോറസ്ട്രി കോളേജിന് അടുത്തുള്ള യൂണിവേഴ്സിറ്റി ഗേറ്റ് മുതൽ പൈനാപ്പിൾ ഗവേഷണ കേന്ദ്രം വരെയുള്ള റോഡിൽ നീല പെയിന്റിൽ മാർക്ക് ചെയ്തിട്ടുള്ള 6 മരങ്ങൾ പൂർണ്ണമായും മുറിച്ചുമാറ്റുന്നത്. |
| ലോട്ട് നമ്പർ - 6 | എസ്റ്റേറ്റ് ഓഫീസ് മുതൽ സിഡിബി വരെയുള്ള റോഡിൽ (പ്രൊഫസ്സർ ക്വാർട്ടേഴ്സ് പരിസരം ഉൾപ്പെടെ) നീല പെയിന്റിൽ മാർക്ക് ചെയ്തിട്ടുള്ള 43 ഓളം മരങ്ങൾ പൂർണ്ണമായും മുറിച്ചുമാറ്റുന്നതിന് |
| ലോട്ട് നമ്പർ-7 | കെഎയു സ്കൂൾ പരിസരത്തെ റോഡിൽ മതിലിനോട് ചേർന്ന് നിൽക്കുന്ന രണ്ട് മദിരാശി മരങ്ങൾ പൂർണ്ണമായും മുറിച്ചുമാറ്റുന്നത്. |

രഹസ്യ ക്വട്ടേഷനുകൾ 30.08.2019 രാവിലെ 11 AM വരെ സ്വീകരിക്കും.

## ലേലം / ക്വട്ടേഷൻ വ്യവസ്ഥകൾ

1. ലേലത്തിൽ പങ്കെടുക്കുന്നവർക്ക് 29.08.2019 ന് രാവിലെ 10.30 AM ന് മരങ്ങൾ കാണാവുന്നതാണ്.
2. പരസ്യ ലേലത്തിൽ പങ്കെടുക്കുന്നവരും രഹസ്യ ക്വട്ടേഷൻ തരുന്നവരും സമയത്തും സ്ഥലത്തും ഹാജരായി നിരതദ്രവ്യമായി 10,000/- രൂപ ( പതിനായിരം രൂപ മാത്രം) 30.08.2019 രാവിലെ 11 മണിയ്ക്ക് മുൻപായി അടയ്ക്കേണ്ടതാണ്. **നിരതദ്രവ്യത്തോടൊപ്പം ഐഡന്റിറ്റി കാർഡ്, പാൻകാർഡ് ഇവയുടെ കോപ്പി നിർബന്ധമായും ഓഫീസിൽ നൽകേണ്ടതാണ്.**
3. പരസ്യലേലം 30.08.2019 രാവിലെ 11.30 AM.ന് കമ്മിറ്റി അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ നടത്തുന്നതാണ്. രഹസ്യ ക്വട്ടേഷനുകൾ 30.08.2019 രാവിലെ 11 AM വരെ മാത്രമെ സ്വീകരിക്കുകയുള്ളൂ. രഹസ്യ ക്വട്ടേഷനിൽ അതാത് ലോട്ടുകളുടെ മൊത്തംവില അക്കത്തിലും അക്ഷരത്തിലും എഴുതി പ്രൊഫസർ ആന്റ് ഹെഡ്, പി.പി.എൻ.എം.യു, വെള്ളാനിക്കരയുടെ പേരിൽ നൽകേതാണ്.
4. ലേലത്തിനു ശേഷം ക്വട്ടേഷൻ തുറക്കുന്നതാണ്. ഏറ്റവും കൂടുതൽ നിരക്ക് രേഖപ്പെടുത്തിയ ക്വട്ടേഷൻ അല്ലെങ്കിൽ ഏറ്റവും കൂടുതൽ ലേലം വിളിച്ച തുക

ഇവയിൽ ഏതാണ് കൂടുതലെങ്കിൽ മറ്റു വ്യവസ്ഥകൾക്ക് വിധേയമായി ക്വട്ടേഷൻ /ലേലം സ്ഥിരപ്പെടുത്തുന്നതാണ്.

5. ലേലം പിടിച്ചയാൾ 30.08.2019 ന് 4 മണിക്കു മുൻപ് മുഴുവൻ ലേലത്തുകയും അടച്ച് രശീത് വാങ്ങേതാണ്. അതിനുശേഷം മാത്രമേ വെട്ടിയിട്ട തടികളും മരക്കമ്പുകളും കാമ്പസ്സിൽ നിന്നും നീക്കം ചെയ്യാനും അനുവദിക്കുകയുള്ളൂ.
6. സർക്കാർ നിയമപ്രകാരം ലേലതുകയ്ക്കുപുറമെ **മരങ്ങൾ ലേലം പിടിച്ചയാളിൽനിന്നും ജി.എസ്.ടി. ബാധകമായവയ്ക്ക്** ലേലതുകയുടെ **18%** നികുതി **ഈടാക്കുന്നതാണ്.**
7. **ലേലം പിടിച്ചയാളിൽ നിന്നും ലേലത്തുക** + 18% നികുതിയും ഉൾപ്പെടെയുള്ള തുകയുടെ 5% ഫോറസ്റ്റ് ഡവലപ്പ്മെൻറ് ടാക്സ് ഈടാക്കുന്നതാണ്.
8. ലേലം പിടിച്ചശേഷം **10** ദിവസത്തിനകം മേൽപ്പറഞ്ഞ മരങ്ങളും മരക്കമ്പുകളും പൂർണ്ണമായും നീക്കം ചെയ്യേതാണ്.
9. ഏറ്റവും കൂടിയ തുകയ്ക്ക് ലേലം കൊണ്ടയാളുടെ തൊട്ടടുത്തു വരുന്ന ആളുടെ നിരതദ്രവ്യം, ലേലം കൊണ്ടയാൾ മുഴുവൻ ലേലത്തുകയും അടച്ചതിനു ശേഷം മാത്രമേ തിരികെ നൽകുകയുള്ളൂ.
10. തടികളും, മരക്കൊമ്പുകളും നീക്കം ചെയ്യുമ്പോൾ സർവ്വകലാശാലയ്ക്ക് ഏതെങ്കിലും തരത്തിൽ നാശനഷ്ടമുായാൽ അത് ലേലം കൊണ്ടയാളിൽ നിന്ന് ഈടാക്കുന്നതാണ്.
11. ലേലം കൊണ്ടയാൾ ലേലവ്യവസ്ഥകൾ ഏതെങ്കിലും പാലിക്കാതെ വന്നാൽ ലേലം റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിയ്ക്കുന്നതാണ്. ലേലം റദ്ദാക്കി പുനർ ലേലം ചെയ്യേണ്ടി വരുന്നതുകൊണ്ട് സർവ്വകലാശാലയ്ക്ക് നഷ്ടമുണ്ടായാൽ അത് ആദ്യ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതാണ്.
12. തടിയും മരക്കൊമ്പുകളും പ്രവർത്തി ദിവസങ്ങളിലും സമയത്തും ഫാംസൂപ്രണ്ടിന്റെ അനുമതിയോടെ മാത്രമേ നീക്കംചെയ്ത് കൊണ്ടുപോകുവാൻ പാടുള്ളൂ.
13. നിശ്ചിത തിയ്യതിക്കും സമയത്തിനും ശേഷം ലഭിയ്ക്കുന്നതും വ്യക്തമല്ലാത്തതുമായ ക്വട്ടേഷനുകൾ നിരസിക്കുന്നതായിരിക്കും.
14. ഏതെങ്കിലും കാരണവശാൽ മുകളിൽ പറഞ്ഞ തിയ്യതി അവധി ദിവസമാണെങ്കിൽ, തൊട്ടടുത്ത പ്രവർത്തി ദിവസം മുകളിൽ പറഞ്ഞിരിക്കുന്ന സ്ഥലത്തും, അതേ സമയത്തും ലേലം നടക്കുന്നതായിരിക്കും.
14. സർക്കാർ ക്വട്ടേഷൻ / ലേലം നിബന്ധനകൾ എല്ലാം തന്നെ ഈ ലേലത്തിനും ബാധകമാണ്.
15. യാതൊരു കാരണവും കാണിക്കാതെ ഈ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതിനോ റദ്ദാക്കുന്നതിനോ ഉള്ള അധികാരം പ്രൊഫസർ ആന്റ് ഹെഡ്. പി.പി.എൻ.എം.യു, വെള്ളാനിക്കരയിൽ നിക്ഷിപ്തമാണ്.
16. ഈ ലേലം അന്തിമമായി ഉറപ്പിക്കുന്നതിനുള്ള തീരുമാനം എടുക്കുവാൻ ഉള്ള അധികാരം **കമ്മിറ്റി അംഗങ്ങളിലും**,പ്രൊഫസർ ആന്റ് ഹെഡ്, പി.പി.എൻ.എം.യു, വെള്ളാനിക്കരയി**ലും** നിക്ഷിപ്തമാണ്.

പ്രൊഫസർ ആന്റ് ഹെഡ്

Professor & Head
Plant Propagation & Nursery Management Unit
Kerala Agricultural University
Vellanikkara - 680 656

പകർപ്പ്:

1. സെൻട്രൽ നേഴ്സറി ഗേറ്റ്
2. നോട്ടീസ് ബോർഡ്, വില്ലേജ് ഓഫീസ്
3. നോട്ടീസ് ബോർഡ്, പഞ്ചായത്ത് ഓഫീസ്
4. നോട്ടീസ് ബോർഡ്, എസ്റ്റേറ്റ് ഓഫീസ്
5. നോട്ടീസ് ബോർഡ്, COH, വെള്ളാനിക്കര
6. നോട്ടീസ് ബോർഡ്, കാന്റീൻ, കെ.എ.യു, വെള്ളാനിക്കര
7. ചീഫ് സെക്യൂരിറ്റി ഓഫീസർ, കെ.എ.യു, വെള്ളാനിക്കര
8. **കമ്മിറ്റി അംഗങ്ങൾ**
9. ഫാം സൂപ്രണ്ട്/വെബ്സൈറ്റ്